# ആനന്ദ് സംവാദത്തിന് സന്നദ്ധനാണോ?

**എം. എം. അക്ബർ**

വ്യക്തികളുടെ പ്രതികരണങ്ങളെക്കുറിച്ച് പ്രസിദ്ധ മാനസിക വിശ്ലേഷകനായയുങ് നടത്തുന്ന ശ്രദ്ധേയമായ ഒരു നിരീക്ഷണമുണ്ട്. കുട്ടിക്കാലത്ത് അഭിമുഖീകരിക്കേണ്ടിവരുന്ന സംഭവങ്ങളുടെയും പ്രശ്നങ്ങളുടെയും വെളിച്ചത്തിൽ ഉരുത്തിരിഞ്ഞ 'മാനസികാവസ്ഥയിൽ നിന്നായിരിക്കും ചുറ്റുപാടും നടക്കുന്ന സംഭവങ്ങളോടുള്ള പ്രതികരണങ്ങൾ മുളപൊട്ടുകയെന്നതാണ് പ്രസ്തുത നിരീക്ഷണം. ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് മനോവിശ്ലേഷണത്തിന് ഇന്ന് വ്യാപകമായി ഉപയോഗിക്കപ്പെടുന്ന വിനിമയാപഗ്രഥനം (Transactional Analysis) രൂപം കൊടുത്തിട്ടുള്ളത്. അക്ഷരങ്ങൾകൊണ്ട് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന മലയാളത്തിന്റെ ശ്രദ്ധേയനായ എഴുത്തുകാരൻ ആനന്ദിന്റെ ഇസ്‌ലാമുമായി ബന്ധപ്പെട്ട വിശകലനങ്ങൾ കാണുമ്പോൾ പലപ്പോഴും ഓർമവന്നിട്ടുള്ളതാണ് ടി.എ.യ്ക്ക് അടിസ്ഥാനമായി വർത്തിക്കുന്ന ഈ നിയമം. മറ്റുപല വിഷയങ്ങളിലും ആനന്ദ് പുലർത്താറുള്ള മൗലികത എന്തുകൊണ്ടാണ് ഇസ്‌ലാം വിമർശത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കാത്തതെന്ന സംശയത്തിന് മറ്റൊരു ഉത്തരവും കണ്ടെത്താനാവുന്നില്ല. ഒപ്പം ഒരു സ്വകാര്യം. ഇസ്‌ലാമിനെക്കുറിച്ച അപഗ്രഥനത്തിൽ ആനന്ദ് സ്വീകരിക്കുന്ന 'മൗലികത' മാത്രമെ മറ്റു സാമൂഹ്യവിമർശങ്ങളുടെ കാര്യത്തിലും ഉള്ളൂവെന്ന് വരുമോ? അങ്ങനെ ആകാതിരിക്കട്ടെയെന്നാണ് നമ്മുടെ ആഗ്രഹവും പ്രാർഥനയും.

ഇപ്പോൾ ഇതു പറയാൻ പ്രത്യേകമായ ഒരു കാരണമുണ്ട്. 2006 ജൂലായ് ഏഴിന് പുറത്തിറങ്ങിയ 'മലയാളം' വാരികയിലെ ഒരു അഭിമുഖത്തിൽ 'സ്നേഹസംവാദം' മാസികയെയും സംവാദത്തിനുള്ള മുസ്‌ലിംകളുടെ സന്നദ്ധതയില്ലായ്മയെയും ആനന്ദ് വിമർശിക്കുന്നുണ്ട്. ഇസ്‌ലാമുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരെ വസ്തുതാപരമായ നിലപാടല്ല അദ്ദേഹം സ്വീകരിക്കുന്നതെന്നതിന് തെളിവായ് ഈ വിമർശനത്തിലൂടെ കണ്ണോടിച്ചാൽ മാത്രം മതിയാവും. 'മലയാളത്തി'ലൂടെ അദ്ദേഹം നടത്തുന്ന വിമർശനങ്ങൾ രണ്ടാണ്.

(1). 'സ്നേഹസംവാദം' മാസിക എന്നെ കുറ്റപ്പെടുത്തുന്നു.

(2). മുസ്‌ലിംകൾ സംവാദത്തിന് സന്നദ്ധരല്ല.

ഇവയോടുള്ള 'സ്നേഹസംവാദ'ത്തിന്റെ പ്രതികരണമാണ് താഴെ:

ഒന്ന്). ആനന്ദിന്റെ ഇസ്‌ലാം വിമർശനങ്ങളെ അപഗ്രഥിച്ചുകൊണ്ടും മറുപടി പറഞ്ഞു കൊണ്ടും നിരവധി ലേഖനങ്ങൾ 'സ്നേ ഹസംവാദം' പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിലൊന്നിലും ആനന്ദിനെ വ്യക്തിപരമായി അധിക്ഷേപിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്തിട്ടില്ല; അദ്ദേഹത്തിന്റെ വിശകലനത്തിലെ പോരായ്മകളും അബദ്ധങ്ങളും ചൂണ്ടിക്കാണിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

രണ്ട്). പ്രസിദ്ധീകരിച്ച ലേഖനങ്ങളുൾക്കൊള്ളുന്ന 'സ്നേഹസംവാദം' കോപ്പികൾ അദ്ദേഹത്തിന് അയച്ചുകൊടുത്തിരുന്നു.

മൂന്ന്). 'സ്നേഹസംവാദ'ത്തിന്റെ വിമർശനങ്ങളോട് അദ്ദേഹം പ്രതികരിച്ചിട്ടില്ല. ലേഖനങ്ങ ൾക്കൊന്നും അദ്ദേഹം മറുപടി എഴുതി അയക്കുകയോ തനിക്ക് മറുപടിയുണ്ടെന്ന് 'സ്നേഹ സംവാദ'ത്തെ അറിയിക്കുകയോ ചെയ്തിട്ടില്ല.

നാല്). ആനന്ദിനെ അപഗ്രഥിച്ചുകൊണ്ടെഴുതിയ ലേഖനങ്ങൾക്ക് മറുപടിയെന്ന നിലയ്ക്ക് മറ്റു പലരും എഴുതിയ കുറിപ്പുകൾ 'സ്നേ ഹസംവാദം' പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അഞ്ച്). ഇസ്‌ലാമിനെയും 'സ്നേഹസംവാദ'ത്തെയും വിമർശിച്ചുകൊണ്ട് എഴുതുന്ന മാന്യമായ ലേഖനങ്ങളും കുറിപ്പുകളും 'സ്നേ ഹസംവാദം' മാറ്റമൊന്നും വരുത്താതെ തന്നെ പ്രസിദ്ധീകരിക്കാറുണ്ട്; മറുപടി സഹിതം.

ആറ്). ഇസ്‌ലാമിന്റെ വിമർശകരായ ക്രൈസ്തവ മിഷനറിമാരുമായും സംഘ്പരിവാർ ബുദ്ധിജീവികളുമായും യുക്തിവാദി നേതാക്കളുമായും വേദിപങ്കിടുകയും അവർക്ക് ഇസ്‌ലാമിനെതിരെ ഉന്നയിക്കുവാനുള്ള വിമർശനങ്ങൾ കേൾക്കുകയും അവയ്ക്ക് ഇസ്‌ലാമികമായ മറുപടികൾ നൽകുകയും ചെയ്യുന്ന തുറന്ന സംവാദങ്ങളുടെ സംഘാടകരാണ് 'സ്നേഹ സംവാദ'ത്തിന്റെ അണിയറയിലുള്ളവർ.

ഏഴ്). എഴുത്തിലൂടെയോ സംസാരത്തിലൂടെയോ ഏത് രൂപത്തിലുള്ളതാണെങ്കിലും ആനന്ദുമായി സംവാദത്തിന് 'സ്നേഹസംവാദം' സന്നദ്ധമാണ്. അത് 'സ്നേഹസംവാദ'ത്തിന്റെ ഒന്നാം തീയതി മുതൽക്കുള്ള നയമാണ്. ആദ്യ ലക്കത്തിൽ തന്നെ അക്കാര്യം നാം വ്യക്തമാക്കിയിട്ടുണ്ട്.

ഇനി തീരുമാനിക്കേണ്ടത് ആനന്ദ് ആണ്. ഒന്നുകിൽ സംവാദത്തിന് സന്നദ്ധമാവുക. അല്ലെങ്കിൽ 'മുസ്‌ലിംകൾ സംവാദത്തിന് സന്നദ്ധരല്ലെ'ന്ന വാർപ്പു സിദ്ധാന്തം ആവർത്തിക്കാതിരിക്കുക. ആരുമായും സംവാദിക്കുവാനാണ് ഖുർആനിന്റെ അനുശാസനയെന്ന് മനസ്സിലാക്കുവാനെങ്കിലും ഓറിയന്റലിസ്റ്റ് രചനകളിൽ നിന്ന് ഇസ്‌ലാമിനെ അറിയുവാനുള്ള ശ്രമത്തിനിടയിൽ ആനന്ദ് മനസ്സിലാക്കേണ്ടിയിരുന്നു.

''യുക്തിദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിൻെറ രക്ഷിതാവിൻെറ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമവയി സംവാദം നടത്തുകയും ചെയ്യുക...'' (വിശുദ്ധ ഖുർആൻ 16:125).